**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2820** **28-02-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ പുതിയ പാലം നിർമ്മണത്തിന് എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിൽ മണികണ്ഠം ചാൽ ചപ്പാത്തിൽ പുതിയ പാലം നിർമ്മിക്കുവാൻ വനം വകുപ്പിന്റെ അനുമതിക്ക് വേണ്ടി അപേക്ഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മണികണ്ഠൻചാൽ പാലത്തിന്റെ നിർമ്മാണാനുമതിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂഡി. ബ്രിഡ്ജസ് ഡിവിഷൻ, എറണാകുളം Forest (Conservation) Act, 1980 പ്രകാരം ഓൺലൈനായി പരിവേഷ് പോർട്ടലിൽ 25.10.2021-ന് FP/KL/Approach/148741/2021 നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ പരിവേഷ് പോർട്ടലിൽ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള എൻ.ഒ.സി. ക്ക് വേണ്ടി പി.ഡബ്ല്യൂ.ഡി. പരിവേഷ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | മണികണ്ഠൻചാൽ പാലത്തിന്റെ നിർമ്മാണാനുമതിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂഡി. ബ്രിഡ്ജസ് ഡിവിഷൻ, എറണാകുളം Forest (Conservation) Act, 1980 പ്രകാരം ഓൺലൈനായി പരിവേഷ് പോർട്ടലിൽ 25.10.2021-ന് FP/KL/Approach/148741/2021 നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പാലം നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമായാൽ മാത്രമേ ഭരണാനുമതിക്ക് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണാനുമതിക്കായി പരിവേഷ് പോർട്ടൽ വഴി ലഭ്യമായ അപേക്ഷ പരിശോധിച്ചതിൽ ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതിന് 16.01.2023 തീയതിയിൽ പരിവേഷ് പോർട്ടൽ വഴി യൂസർ ഏജൻസിക്ക് (എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂഡി. ബ്രിഡ്ജസ് ഡിവിഷൻ, എറണാകുളം) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ അറിയിപ്പ് നൽകിയിരുന്നു. ന്യൂനത പരിഹരിച്ച് വിവരങ്ങൾ യൂസർ ഏജൻസി പരിവേഷ് പോർട്ടലിൽ നാളിതുവരെയും അപ്പ് ലോഡ് ചെയ്തിട്ടില്ല. |
| (ഇ) | വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഇ) | യൂസർ ഏജൻസി പരിവേഷ് പോർട്ടൽ വഴി ആവശ്യപ്പെട്ട വിവരങ്ങൾ അപ്പ് ലോഡ് ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് ടി അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ